
നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

ഒക്ടോബർ 30 വെള്ളി 2026

IKYA Students' Union ഉദ്ഘാടനം ആവേശകരമായി നടന്നു



2026 ഒക്ടോബർ 16ന് നവജ്യോതി കോളേജ്, ചെറുപുഴയിൽ IKYA Students' Union 2026–2027ന്റെ ഉദ്ഘാടനം കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് നടന്നു. BCA വിദ്യാർത്ഥിനി മിസ് അനന്യ ജോർജിന്റെ പ്രാർത്ഥനയോടെ പരിപാടി ആരംഭിച്ചു. ചെയർമാൻ മിസ്റ്റർ ജീവൻ ജോയ് സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. കെ. കെ. സോമശേഖരൻ അധ്യക്ഷത വഹിച്ചു. കണ്ടന്റ് ക്രിയേറ്ററായ മിസ് റിസ ഷംസുദ്ദീൻ യൂണിയന്റെ പേര് പ്രഖ്യാപിച്ചു. കോളേജ് മാനേജർ റവ.ഡോ. ജിനേഷ് സ്രായിൽ ഉദ്ഘാടന പ്രസംഗം നടത്തി. കോളേജ് ഡയറക്ടർ റവ. ഡോ. സിജോയ് പോൾ കരിങ്ങാലിച്ചിറ, സ്റ്റാഫ് സെക്രട്ടറി മിസിസ് ആശ രാജപ്പൻ, വൈസ് ചെയർപേഴ്സൺ മിസ് വിസ്മയ വി.ജി. എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് മാനേജറെ ആദരിച്ചു.

അതിഥിയുടെ കലാപരിപാടിക്കും വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾക്കും ശേഷം ഉച്ചഭക്ഷണ ഇടവേള നടന്നു. ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച പരിപാടി 3:30 വരെ തുടർന്നു. ജോയിന്റ് സെക്രട്ടറി മിസ് അംഗിത സനലിന്റെ നന്ദിപ്രകടനത്തോടെ പരിപാടി സമാപിച്ചു.

മൂന്നാം വർഷ ബി.കോം വിദ്യാർത്ഥികൾക്കായി റെസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു



ചെറുപുഴ നവജ്യോതി കോളേജ് പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ മൂന്നാം വർഷ ബി.കോം (2024 അഡ്മിഷൻ) വിദ്യാർത്ഥികൾക്കായി 'ദക്ഷ' ഡൈനാമിക് സ്കിൽ ഡെവലപ്പ്മെന്റ് വർക്ക്ഷോപ്പും 'ബി.കോം കുടുംബ യൂണിറ്റ്' റെസിഡൻഷ്യൽ ക്യാമ്പും സംഘടിപ്പിച്ചു. സെപ്റ്റംബർ 25, 26 തീയതികളിൽ കോളേജ് ക്യാമ്പസിലും തെരുവുമലയിലുമായിട്ടാണ് രണ്ടുദിവസത്തെ ഈ പരിപാടി നടന്നത്. കോട്ടൂർ ഐ.ടി.ഐ ഡയറക്ടർ ഫാ. ജോഫിൻ തോമസ് വിദഗ്ദ്ധ പരിശീലന ക്ലാസിന് നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിനും പരസ്പര ബന്ധം ദൃഢമാക്കുന്നതിനുമായി പാട്ടും കലാപരിപാടികളും ഉൾപ്പെടെ വൈവിധ്യമാർന്ന പരിപാടികൾ ക്യാമ്പിൽ ഒരുക്കിയിരുന്നു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തത്തോടെ സംഘടിപ്പിച്ച ക്യാമ്പ് ഏറെ ശ്രദ്ധേയമായി.

ചെറുപുഴ സൈൻ ബോർഡ് ശുചീകരണം



നവജ്യോതി കോളേജ് ചെറുപുഴയിലെ ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ 2026 ഒക്ടോബർ 2ന് ചെറുപുഴ ടൗൺ സൈൻ ബോർഡ് ശുചീകരണ പരിപാടി സംഘടിപ്പിച്ചു. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ശുചിത്വബോധം, പരിസ്ഥിതി ഉത്തരവാദിത്തം, പൗരബോധം എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടത്തിയത്.

ചെറുപുഴയുടെ പ്രധാന അടയാളവും ടൗണിന്റെ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്നതുമായ ചെറുപുഴ ടൗൺ സൈൻ ബോർഡും അതിന്റെ പരിസരവും വൃത്തിയാക്കുന്നതിലായിരുന്നു പരിപാടിയുടെ പ്രധാന ശ്രദ്ധ. നഗരത്തിന്റെ സൗന്ദര്യവും ശുചിത്വവും നിലനിർത്തുന്നതിൽ പൊതുജനങ്ങളുടെ പങ്കാളിത്തവും ഉത്തരവാദിത്തവും പ്രോത്സാഹിപ്പിക്കാനും ഈ പ്രവർത്തനം ലക്ഷ്യമിട്ടു.

വയനാട് വാം ടീ ഫാക്ടറിയിൽ രണ്ടാം വർഷ ബി.കോം വിദ്യാർത്ഥികളുടെ വ്യവസായ സന്ദർശനം



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളേജ് പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെയും 'കൊമേർക്കോ' കൊമേഴ്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ രണ്ടാം വർഷ ബി.കോം വിദ്യാർത്ഥികൾക്കായി വയനാട്ടിലേക്ക് വ്യവസായ സന്ദർശനം സംഘടിപ്പിച്ചു.

2026 ഒക്ടോബർ 5ന് നടന്ന പഠനയാത്രയിൽ വയനാട് മാനന്തവാടിക്കടുത്ത് പ്രവർത്തിക്കുന്ന പ്രമുഖ തേയില ഉൽപ്പാദന കേന്ദ്രമായ വാം ടീ ഫാക്ടറി ആണ് വിദ്യാർത്ഥികൾ സന്ദർശിച്ചത്. ഡിപ്പാർട്ട്മെന്റിന്റെ 'പഠിക്കുക, കണ്ടെത്തുക, വളരുക' എന്ന ആശയത്തിലധിഷ്ഠിതമായി സംഘടിപ്പിച്ച യാത്രയിൽ, തേയിലപ്പൊടി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വിദ്യാർത്ഥികൾ നേരിട്ട് കണ്ട് മനസ്സിലാക്കി. പച്ചില ശേഖരണം മുതൽ വിതറൽ, റോളിംഗ്, ഫെർമന്റേഷൻ, ഡ്രൈയിംഗ്, ഗ്രേഡിംഗ്, പാക്കിംഗ് വരെയുള്ള സാങ്കേതിക പ്രക്രിയകൾ ഫാക്ടറി അധികൃതർ വിദ്യാർത്ഥികൾക്കായി വിശദീകരിച്ചു നൽകി.

ക്ലാസ് മുറികളിൽ പഠിക്കുന്ന കോസ്റ്റ് അക്കൗണ്ടിംഗ്, പ്രൊഡക്ഷൻ മാനേജ്മെന്റ്, വിപണന തന്ത്രങ്ങൾ, ലേബർ അഡ്മിനിസ്ട്രേഷൻ, സപ്ലൈ ചെയിൻ, ലോജിസ്റ്റിക്സ് തുടങ്ങിയ വിഷയങ്ങളുടെ പ്രായോഗിക വശങ്ങൾ തൊഴിൽ അന്തരീക്ഷത്തിൽ നേരിട്ടറിയാൻ ഈ സന്ദർശനം വിദ്യാർത്ഥികൾക്ക് സഹായകരമായി.

ലിംഗസമത്വത്തിന്റെ സന്ദേശവുമായി 'REDEFINE – Fashion Beyond Gender'



ചെറുപുഴ: നവജ്യോതി കോളേജിലെ ജെൻഡർ ജസ്റ്റിസ് ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'RE-DEFINE – Fashion Beyond Gender' ഫാഷൻ വാക്ക് മത്സരം ശ്രദ്ധേയമായി. 2026 സെപ്റ്റംബർ 23ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന മത്സരത്തിൽ വിവിധ വകുപ്പുകളിൽ നിന്നായി എട്ട് ടീമുകൾ പങ്കെടുത്തു. വസ്ത്രധാരണവും വ്യക്തിപരമായ ആവിഷ്കാരവും പരമ്പരാഗത ലിംഗധാരണകളിൽ ഒതുങ്ങേണ്ടതില്ലെന്ന ആശയം വിദ്യാർഥികൾ സർഗാത്മകമായ അവതരണങ്ങളിലൂടെ പ്രകടിപ്പിച്ചു.

ജെൻഡർ ജസ്റ്റിസ് ഫോറം കൺവീനർ ശ്രീമതി ആർച്ചന പി. സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് പ്രൊഫസർമാരായ ശ്രീമതി മഞ്ജുഷ കെ.ബി., കുമാരി ഫാത്തിമത്ത് ഫിദ, കുമാരി ഗായത്രി സി.എം. എന്നിവർ വിധികർത്താക്കളായി. മത്സരത്തിൽ മൂന്നാം വർഷ ബി.ബി.എ വിദ്യാർഥി ഗോഡ്സൺ റോയിയും ഒന്നാം വർഷ ബി.കോം വിദ്യാർഥിനി അംഗിത സനലും ഒന്നാം സ്ഥാനം നേടി. ഒന്നാം വർഷ ബി.ബി.എ വിദ്യാർഥി പ്രണവ് രാജുവും രണ്ടാം വർഷ എം.കോം വിദ്യാർഥിനി അന്ന മോളും രണ്ടാം സ്ഥാനം കരസ്ഥമാക്കി. കോളേജ് പി.ആർ.ഒ. കുമാരി തൃഷ്ണീഫ രണ്ടാം സ്ഥാനക്കാർക്കുള്ള ക്യാഷ് പ്രൈസ് വിതരണം ചെയ്തു.

ലിംഗപരമായ മുൻവിധികളെ ചോദ്യം ചെയ്യാനും വ്യക്തികളുടെ വസ്ത്രധാരണത്തെയും സ്വയംപ്രകടനത്തെയും ബഹുമാനിക്കാനും വിദ്യാർഥികളെ പ്രേരിപ്പിച്ച പരിപാടി, സമത്വവും ഉൾക്കൊള്ളലും പരസ്പര ബഹുമാനവും പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധേയമായ ചുവടുവയ്പായി.

ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓസോൺ പാളി സംരക്ഷണ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു



ഫ്ലോറ നേച്ചർ ക്ലബ് 2026 സെപ്റ്റംബർ 16ന് സംഘടിപ്പിച്ച "Ozone Layer Wall" പരിപാടി പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന വിജ്ഞാനപ്രദവും സർഗാത്മകവുമായ ഒരു പ്രവർത്തനമായിരുന്നു. ഓസോൺ പാളിയുടെ പ്രാധാന്യവും ആരോഗ്യകരമായ ഭൂമിക്കായി അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാട്ടുന്നതിനൊപ്പം, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട തങ്ങളുടെ ആശയങ്ങളും പ്രതിബദ്ധതകളും പ്രകടിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് ഈ പരിപാടി മികച്ച അവസരം നൽകി.

WAM Tea Factory സന്ദർശിച്ച് മാനേജ്മെന്റ് വിദ്യാർഥികൾ




മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിലെ Alpha Management Club-ന്റെ നേതൃത്വത്തിൽ 2026 സെപ്റ്റംബർ 8ന് വയനാട് കരിമണിയിലെ WAM Tea Factory-യിലേക്ക് ഏകദിന വ്യവസായ സന്ദർശനം സംഘടിപ്പിച്ചു. ബി.ബി.എ രണ്ടാം, മൂന്നാം വർഷങ്ങളിലെ 45 വിദ്യാർഥികൾ പങ്കെടുത്ത സന്ദർശനത്തിന് Mrs. Archana P, Ms. Layana Lakshmanan, Fr. Jose Thamarakkattu എന്നിവർ നേതൃത്വം നൽകി.

ചായനിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ നേരിൽ മനസ്സിലാക്കാനും ഉൽപാദനം, ഗുണനിലവാര നിയന്ത്രണം, മനുഷ്യവിഭവശേഷി മാനേജ്മെന്റ്, വിപണനം, വിതരണ സംവിധാനം എന്നിവയെക്കുറിച്ച് പ്രായോഗിക അറിവ് നേടാനും വിദ്യാർഥികൾക്ക് അവസരം ലഭിച്ചു. WAM Tea മാനേജ്മെന്റ് ടീമുമായുള്ള സംവാദം വ്യവസായം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള അറിവും വർധിപ്പിച്ചു.

സിദ്ധാന്തപഠനത്തെ പ്രായോഗിക അനുഭവവുമായി ബന്ധിപ്പിച്ച ഈ സന്ദർശനം വിദ്യാർഥികൾക്ക് അർത്ഥവത്തായ പഠനാനുഭവമായി മാറി. സഹകരിച്ച WAM Tea മാനേജ്മെന്റ് ടീമിന് മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗവും Alpha Management Club-Dwനന്ദി രേഖപ്പെടുത്തി.

ആത്മഹത്യാ പ്രതിരോധ ദിനത്തിൽ 'പാസിംഗ് ദ റോസസ്' പരിപാടി സംഘടിപ്പിച്ചു



ചെറുപുഴ: ആത്മഹത്യാ പ്രതിരോധ ദിനത്തോടനുബന്ധിച്ച് നവജ്യോതി കോളേജ് ചെറുപുഴയിൽ 'പാസിംഗ് ദ റോസസ്' (Passing the Roses) എന്ന പരിപാടി സംഘടിപ്പിച്ചു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് കരുതലും പിന്തുണയും നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്താനുമാണ് പരിപാടി സംഘടിപ്പിച്ചത്.

ആത്മഹത്യാ പ്രതിരോധ ദിനത്തിൽ റോസാപ്പൂവ് തിരഞ്ഞെടുത്തത് അതിന്റെ പ്രതീകാത്മകമായ അർഥം കൊണ്ടാണ്. സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും കരുതലിന്റെയും പ്രതീകമായ ചുവന്ന റോസാപ്പൂവ് ഓരോ മനുഷ്യജീവിതത്തിന്റെയും വിലയും സൗന്ദര്യവും ഓർമിപ്പിക്കുന്നു. റോസാപ്പൂവിൽ സൗന്ദര്യവും മൂല്യവും നഷ്ടപ്പെടുന്നില്ല. അതുപോലെ, ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകാമെങ്കിലും അവ ഒരാളുടെ ജീവിതത്തിന്റെ മൂല്യം കുറയ്ക്കുന്നില്ല എന്ന സന്ദേശമാണ് ഈ പ്രവർത്തനത്തിലൂടെ പങ്കുവച്ചത്.

നിങ്ങളുടെ ജീവിതം വിലപ്പെട്ടതാണ്; നിങ്ങളുടെ വികാരങ്ങൾക്കും പ്രാധാന്യമുണ്ട്; നിങ്ങൾ ഒറ്റയ്ക്കല്ല എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട്,ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ വിശ്വസിക്കുന്നവരോട് മനസ്സ് തുറക്കണമെന്നും ആവശ്യമായ സഹായം തേടണമെന്നും പരിപാടി "Passing the Roses" കഴിയുമെന്ന് പരിപാടി ഓർമിപ്പിച്ചു. മാനസികാരോഗ്യത്തെക്കുറിച്ചുള്ള തുറന്ന സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും സഹാനുഭൂതിയും പരസ്പര പിന്തുണയും വളർത്തുകയും ചെയ്യുന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം.

വയോജനങ്ങൾക്കായി 'കൂട്' പദ്ധതിക്ക് തുടക്കം



ചെറുപുഴ: വയോജനദിനത്തിൽ കന്നിക്കളം നവജ്യോതി കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ വയോജനങ്ങൾക്കായി ആരംഭിച്ച കൂട് പദ്ധതിക്ക് തുടക്കമായി. പഞ്ചായത്ത് പ്രസിഡന്റ് ലൈസമ്മ പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ. കെ. സോമശേഖരൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്ഥിരസമിതി അധ്യക്ഷൻ കെ. ഡി. പ്രവീൺ, സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് മേധാവി ഫാ. ബിനോയ് തോമസ്, കോലുവള്ളി പള്ളി വികാരി ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, കോളജ് ഡയറക്ടർ ഫാ. സിജോയ് പേരാൾ ആൽബർട്ട് മാത്യു എന്നിവർ പ്രസംഗിച്ചു.

വയോജനങ്ങൾക്ക് ഒത്തുകൂടാനും തങ്ങളുടെ അനുഭവങ്ങളും അറിവുകളും പരസ്പരം പങ്കുവയ്ക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും കൂട് പദ്ധതിയിലൂടെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ലക്ഷ്യമിടുന്നു. ചടങ്ങളിൽ വയോജനങ്ങളെ ആദരിക്കുകയും ചെയ്തു.

ലക്ഷ്യ വുമൺ സെല്ലിന്റെ നേതൃത്വത്തിൽ വനിതാ ഹെൽത്ത് & വെൽനസ് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു



നവജ്യോതി കോളേജ് ചെറുപുഴയിലെ ലക്ഷ്യ വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ'Healthy Periods' Strong Blood: Women's Health & Well-being" എന്ന വിഷയത്തിൽ വനിതാ ഹെൽത്ത് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.2026 സെപ്റ്റംബർ 22 ചൊവ്വാഴ്ച രാവിലെ 10:30 ന് സെമിനാർ ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ കോലുവള്ളി ഹെൽത്ത് & വെൽനസ് സെന്ററിൽ (HWC) നിന്നുള്ള വിദഗ്ധരായ ശ്രീമതി കവിത ടി. എം (MLSP, HWC കോലുവള്ളി), ശ്രീ. മുഹമ്മദ് ഇക്ബാൽ (JHI, HWC കോലുവള്ളി), ശ്രീമതി അലീന എസ് (JPHN, HWC-കോലുവള്ളി)എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.വർക്ക്ഷോപ്പിന്റെ പ്രധാന ഭാഗമായി കോളേജിലെ മുഴുവൻ വിദ്യാർഥിനികൾക്കും വിമൻ സ്റ്റാഫുകൾക്കും സൗജന്യ ഹീമോഗ്ലോബിൻ പരിശോധന നടത്തി. വിളർച്ചഹീമോഗ്ലോബിൻകുറവ് എന്നിവ തടയുന്നതിനുള്ള ഭക്ഷണരീതികളെയും ജീവിതശൈലികളെയും കുറിച്ചുള്ള അവബോധം അവർക്ക് നൽകി.ആരോഗ്യകരമായ ആർത്തവകാല പരിചരണം,ശുചിത്വത്തിന്റെ പ്രാധാന്യം എന്നിവയെ കുറിച്ചും സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ശക്തമായ രക്തത്തിനും ആവശ്യമായ പോഷകാഹാരത്തെ കുറിച്ചും വിദഗ്ധർ ക്ലാസുകൾ നൽകി. സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാനും ശാസ്ത്രീയമായ അറിവ് പകരാനും ഈ വർക്ക്ഷോപ്പിന് സാധിച്ചു.

രണ്ടാം വർഷ ബി.കോം വിദ്യാർത്ഥികൾക്കായി അലുമിനി ഇന്ററാക്ഷൻ സംഘടിപ്പിച്ചു

ചെറുപുഴ നവജ്യോതി കോളേജ് പി.ജി വാണിജ്യ വിഭാഗത്തിന്റെയും 'കൊമേർക്കോ' കൊമേഴ്സ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ രണ്ടാം വർഷ ബി.കോം (B.Com) വിദ്യാർത്ഥികൾക്കായി 'അലുമിനി ഇന്ററാക്ഷൻ' സംഘടിപ്പിച്ചു. കോളേജ് ഓഡിയോ വിഷ്വൽ റൂമിൽ വെച്ച് നടന്ന ചടങ്ങിൽ, ഇരിട്ടി IHRD കോളേജ് അസിസ്റ്റന്റ് പ്രൊഫസറും കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. മെൽബി ജോർജ് വിദ്യാർത്ഥികളുമായി സംവദിച്ചു. വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിലും കരിയറിലും മികച്ച ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും തന്റെ അനുഭവങ്ങളും അവർ പങ്കുവെച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണ ഉറപ്പാക്കാനും വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകാനുമാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പരിപാടിയിൽ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

ഗ്രാമീണ സഹവാസ ക്യാമ്പ് ഒരുമയ്ക്ക് തുടക്കം



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളജ് സോഷ്യൽ വർക്ക് വിഭാഗത്തിലെ രണ്ടാം വർഷ വിദ്യാർഥികൾ സംഘടിപ്പിക്കുന്ന ഗ്രാമീണ സഹവാസ ക്യാമ്പ് 'ഒരുമ' പെരുള നവജീവൻ സ്പെഷൽ സ്കൂൾ മാനേജർ ഫാ. ജോസ് ചെമ്പോട്ടിക്കൽ ഉദ്ഘാടനം ചെയ്തു.

ഗ്രാമീണജീവിതത്തെ അടുത്തറിയാനും സാമൂഹിക പ്രതിബദ്ധത വളർത്താനും സ്പെഷ്യൽ സ്കൂളിലെ കുട്ടികളുമായി ചേർന്ന് സേവന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുമാണ് പത്തു ദിവസത്തെ സഹവാസ ക്യാമ്പ് കൊണ്ട് ലക്ഷ്യമിടുന്നത്.

നവജീവൻ സ്പെഷൽ സ്കൂൾ മാനേജർ ഫാ. ജോസ് ചെമ്പോട്ടിക്കൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് മാനേജർ ഫാ. ആഗസ് നടുവേത്തേട്ട്, പ്രിൻസിപ്പൽ സിസ്റ്റർ ഷെൻസി ജോസ്, നവജ്യോതി കോളജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി വി. ഫാദർ വിനോദ് എന്നിവർ പ്രസംഗിച്ചു.

സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു

ചെറുപുഴ: നവജ്യോതി കോളേജ് ചെറുപുഴയിലെ ലക്ഷ്യ വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ "Women in Entrepreneurship – Hands on Training in Household Cleaning Product Formulation" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

വിദ്യാർത്ഥിനികളിൽ സ്വയംതൊഴിൽ, സംരംഭകത്വ മനോഭാവം എന്നിവ വളർത്തുകയും കുറഞ്ഞ മുതൽമുടക്കിൽ വീട്ടിൽ നിർമ്മിക്കാവുന്ന ഉൽപ്പന്നങ്ങളിലൂടെ സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ പ്രാപ്തരാക്കുകയും ചെയ്യുകയായിരുന്നു ലക്ഷ്യം.

മൂന്നാം വർഷ ബി.കോം വിദ്യാർത്ഥിനികളായ അളകനന്ദ ഗണേഷ്, അനില കെ.എസ് എന്നിവർ ഡിഷ് വാഷ് ലിക്വിഡ്, ഹാൻഡ് വാഷ്, ഫ്ലോർ ക്ലീനർ, ഡിറ്റർജന്റ് ലിക്വിഡ് എന്നിവയുടെ നിർമ്മാണം പരിചയപ്പെടുത്തി. രാസവസ്തുക്കളുടെ അളവ്, നിർമ്മാണരീതി, വിലനിർണയം, പാക്കേജിംഗ്, വിപണന സാധ്യതകൾ എന്നിവ വിശദീകരിക്കുകയും വിദ്യാർത്ഥിനികൾക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു.

വിദ്യാർത്ഥിനികളിൽ ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസവും പ്രായോഗിക അറിവും വളർത്തിയ ഈ പരിപാടി, "Be a woman with a clear vision" എന്ന ലക്ഷ്യ വുമൺ സെല്ലിന്റെ മുദ്രാവാക്യത്തെ അന്വർത്ഥമാക്കി.

7’s ഫുട്ബോൾ ടൂർണമെന്റ് ആവേശകരമായി സംഘടിപ്പിച്ചു



ചെറുപുഴ: നവജ്യോതി കോളേജ് PG ഡിപ്പാർട്മെന്റ് ഓഫ് കൊമേഴ്സിന്റെയും KOMERCO – The Commerce ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സെപ്റ്റംബർ 29, 30 തീയതികളിൽ കോളേജ് ഗ്രൗണ്ടിൽ 7’s ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ കായികമികവ് വളർത്തുന്നതിനും ടീം സ്പിരിറ്റ്, നേതൃത്വപാടവം, സഹകരണ മനോഭാവം, സൗഹൃദം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്. കോളേജിലെ കൊമേഴ്സ്, മാനേജ്മെന്റ് സ്റ്റഡീസ്, കമ്പ്യൂട്ടർ സ്റ്റഡീസ്, സോഷ്യൽ വർക്ക്, ഇക്കണോമിക്സ്, സൈക്കോളജി വിഭാഗങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

സെപ്റ്റംബർ 29ന് നടന്ന ആദ്യദിന മത്സരങ്ങളിൽ BBA, B.Com (A), BCA (A) ടീമുകൾ വിജയിച്ചു. സെപ്റ്റംബർ 30ന് നടന്ന ഫൈനൽ മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ആ.ഇ ടീം ചാമ്പ്യന്മാരായി. BCA ടീം റണ്ണർ അപ്പായി. B.Com രണ്ടാം വർഷ വിദ്യാർത്ഥിയായ ജോസഫ് തോമസ് മികച്ച താരത്തിനുള്ള Best Player Award സ്വന്തമാക്കി.

വിജയികളായ B.Com ടീമിന് ₹1,000 ക്യാഷ് പ്രൈസും ട്രോഫിയും സമ്മാനിച്ചു. റണ്ണർ അപ്പായ BCA ടീമിന് ട്രോഫിയും നൽകി. ഒന്നാം സമ്മാനം Mission Group, Cherupuzhabpw- രണ്ടാം സമ്മാനം Happy Bakes and Coolbar, Cherupuzhabpw- സ്പോൺസർ ചെയ്തു. B.Com മൂന്നാം വർഷ വിദ്യാർത്ഥിയായ ടോം സജി സ്റ്റുഡന്റ് കോർഡിനേറ്ററായി പ്രവർത്തിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംഘാടകരുടെയും സജീവ പങ്കാളിത്തത്തോടെ ടൂർണമെന്റ് വിജയകരമായി സമാപിച്ചു. പഠനത്തോടൊപ്പം കായിക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന കോളേജിന്റെ പ്രവർത്തനങ്ങളിൽ ഈ ടൂർണമെന്റ് ശ്രദ്ധേയമായി.

ജില്ലാ ജൂനിയർ ആൻഡ് സീനിയർ അത്ലറ്റിക് ചാമ്പ്യൻഷിപ്പ്



ചെറുപുഴ: കാസർഗോഡ് ജില്ലാ അത്ലറ്റിക് ചാമ്പ്യൻഷിപ്പ് 2026ൽ നവജ്യോതി കോളേജ് ചെറുപുഴയിലെ വിദ്യാർഥികൾ മികച്ച നേട്ടം കൈവരിച്ചു. വിവിധ കായിക ഇനങ്ങളിലെ മികവിലൂടെ കോളേജിന്റെ അഭിമാനമായി മാറിയ വിദ്യാർഥികൾ സ്വർണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ സ്വന്തമാക്കി.

മൂന്നാം വർഷ ബി.ബി.എ വിദ്യാർഥി ഗോഡ്സൺ റോയ് 1500 മീറ്റർ ഓട്ടത്തിൽ വെങ്കല മെഡൽ നേടിയപ്പോൾ, രണ്ടാം വർഷ ബി.ബി.എ വിദ്യാർഥി ഷാരോൺ വി.ആർ ഇതേ ഇനത്തിൽ സ്വർണ മെഡൽ കരസ്ഥമാക്കി. രണ്ടാം വർഷ ബി.സി.എ വിദ്യാർഥിനി ആൻ മരിയ ബിനു 10 കിലോമീറ്റർ നടത്തത്തിൽ വെള്ളി മെഡലും നേടി. വിദ്യാർഥികളുടെ ഈ നേട്ടം കായികരംഗത്തെ അവരുടെ മികവും അർപ്പണബോധവും വിളിച്ചോതുന്നതാണ്. വിജയികൾക്ക് കോളേജ് അഭിനന്ദനങ്ങൾ നേർന്നു.

വ്യോമയാന മേഖലയിലെ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തി ‘SKYBOUND’ അലുംനി സംവാദം



ചെറുപുഴ: വ്യോമയാന മേഖലയിലെ തൊഴിൽസാധ്യതകളെക്കുറിച്ചും മത്സരപരീക്ഷാ തയ്യാറെടുപ്പുകളെക്കുറിച്ചും വിദ്യാർഥികൾക്ക് അവബോധം നൽകുന്നതിനായി നവജ്യോതി കോളേജ് ചെറുപുഴയിലെ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ‘SKYBOUND – Alumni Talk & Aviation Career Interaction’ എന്ന പേരിൽ അലുംനി സംവാദം സംഘടിപ്പിച്ചു. 2026 സെപ്റ്റംബർ 2ന് രാവിലെ 11.30ന് ക്ലാസ്റൂം 301ൽ നടന്ന പരിപാടിയിൽ മൂന്നാം വർഷ ബി.ബി.എ യിലെ 15 വിദ്യാർഥികൾ പങ്കെടുത്തു. 2021–2024 ബി.ബി.എ ബാച്ചിലെ പൂർവവിദ്യാർഥിയായ ശ്രീ. അരുൺ അനിൽ സെഷൻ നയിച്ചു. മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി അർച്ചന പി. റിസോഴ്സ് പേഴ്സണെ പരിചയപ്പെടുത്തുകയും വിദ്യാർഥികൾക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു. വ്യോമയാന മേഖലയിലെ വിവിധ തൊഴിൽസാധ്യതകൾ, യോഗ്യതാ മാനദണ്ഡങ്ങൾ, നിയമന നടപടികൾ, ആവശ്യമായ നൈപുണികൾ, മത്സരപരീക്ഷകൾക്കുള്ള ഫലപ്രദമായ തയ്യാറെടുപ്പ് രീതികൾ എന്നിവയെക്കുറിച്ച് അരുൺ അനിൽ വിശദീകരിച്ചു. ചിട്ടയായ പഠനം, പരീക്ഷാരീതികളെക്കുറിച്ചുള്ള വ്യക്തമായ ധാരണ, പ്രസക്തമായ കഴിവുകളുടെ വികസനം എന്നിവ തൊഴിൽലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിർണായകമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തുടർന്ന് നടന്ന സംവാദത്തിൽ വിദ്യാർഥികൾ വ്യോമയാന മേഖലയിലെ തൊഴിൽ അവസരങ്ങൾ, പരീക്ഷകൾ, യോഗ്യതകൾ, തയ്യാറെടുപ്പ് രീതികൾ എന്നിവ സംബന്ധിച്ച സംശയങ്ങൾ ഉന്നയിക്കുകയും റിസോഴ്സ് പേഴ്സണിൽനിന്ന് പ്രായോഗിക നിർദേശങ്ങൾ നേടുകയും ചെയ്തു. വിദ്യാർഥികൾക്ക് തൊഴിൽമേഖലയെക്കുറിച്ച് വ്യക്തമായ ധാരണ നൽകാനും ഭാവി കരിയർ ആസൂത്രണം കൂടുതൽ ഫലപ്രദമാക്കാനും പരിപാടി സഹായകമായി. മൂന്നാം വർഷ ബി.ബി.എ വിദ്യാർഥി അക്ഷയ് കുമാർ കെ.കെ. നന്ദിപ്രകാശനം നടത്തി. പൂർവവിദ്യാർഥിയുടെ അനുഭവങ്ങളും മാർഗനിർദേശങ്ങളും പങ്കുവെച്ച ഈ സംവാദം, വിദ്യാർഥികൾക്ക് കരിയർ ബോധവൽക്കരണത്തിനും തൊഴിൽലക്ഷ്യങ്ങൾ തിരിച്ചറിയുന്നതിനും പ്രചോദനമേകിയ ശ്രദ്ധേയമായ അക്കാദമിക സംരംഭമായി.

